**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 789** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആയമാരുടെ ജോലി സമയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലുള്ള ആയ തസ്തികയുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇത് സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ ആകെ 166 'ആയ' തസ്തികകളാണ് നിലവിലുള്ളത്. അതിൽ 108 ആയ തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തിരം നിയമനം നടത്തേണ്ടവയാണ്. സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ആയമാരുടെ ജോലി സമയം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ആയമാരുടെ ജോലി സമയം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | പട്ടികവർഗ്ഗ വികസന വകുപ്പിൽ വിദ്യാർത്ഥി - ആയ അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ വിദ്യാർത്ഥി - ആയ അനുപാതം നിശ്ചയിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിൽ വിദ്യാർത്ഥി - ആയ അനുപാതം നിശ്ചയിച്ചിട്ടില്ല. |
| (ഡി) | ആയമാരുടെ ജോലി സമയം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളില്ലാത്തതിനാൽ ആഴ്ചയിൽ തുടർച്ചയായി 6 ദിവസം 24 മണിക്കൂറും ഹോസ്റ്റലുകളിൽ തങ്ങി ജോലി ചെയ്യേണ്ട സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ജീവനക്കാരുടെ ജോലി സമയം സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഓ.എ 2048 /2016 എന്ന കേസിൽ 22.3.2017-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ | (ഇ) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ 2048/2016 എന്ന കേസിൽ 22.3.2017-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാന ത്തിൽ വാച്ച്മാൻ തസ്തികയിലെ ജോലി സമയം ക്രമീകരിച്ചുള്ള ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | ആയമാരുടെ ജോലി സമയം പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ? | | |

സെക്ഷൻ ഓഫീസർ